# Desabhimani

# 19 July 2018

# Thiruvananthapuram, After Flood, Damage Caused by Monsoon, Relief Fund

കാലവർഷക്കെടുതി

## കേന്ദ്രസംഘത്തെ അയക്കണം: മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കാലവർഷക്കെടുതിമൂലമുള്ള ഭീമമായ നഷ്ടം വിലയിരുത്തി അടിയന്തരസഹായം ലഭ്യമാക്കുന്നതിന് കേരളത്തിലേക്ക് കേന്ദ്രസംഘത്തെ അയക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിങ്ങിനോട് ആവശ്യപ്പെട്ടു.



> കണ്ണൂരിലും തിരുവനന്തപുരത്തും ആലപ്പുഴയിലെ നൂറനാടുമുള്ള പ്രതിരോധ സേനാ യൂണിറ്റുകൾക്ക് ആവശ്യമായ ബോട്ടുകളും മറ്റ് ഉപകരണങ്ങളും ഉടൻ ലഭ്യമാക്കണം

വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് എന്നിവമൂലം സംസ്ഥാനത്തെ 27000 ത്തിലധികംപേർ ദുരിതാശ്വാസ ക്യാമ്പുകളിലാണ്. 965 വില്ലേജിനെ കെടുതി ബാധിച്ചിട്ടുണ്ടെന്നാണ് കണക്ക്. ഇതിനകം 90 മരണം റിപ്പോർട്ട് ചെയ്തു. അമ്പതിലേറെ ഉരുൾപൊട്ടലുണ്ടായി. 333 വീട് പൂർണമായും എണ്ണായിരത്തിലധികം വീടുകൾ ഭാഗികമായും തകർന്നു. പതിനായിരത്തോളം ഹെക്ടർ കൃഷി നശിച്ചു. കഴിഞ്ഞ രണ്ടുമാസത്തിനിടയിലാണ് ഇത്രയും ഭീമമായ നഷ്ടമുണ്ടായത്.

ആലപ്പുഴ, കോട്ടയം ജില്ലകളിൽ ദേശീയ ദുരന്തപ്രതികരണ സേനയെ നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ രണ്ട് എൻഡിആർഎഫ് സംഘത്തെകൂടി കേരളം ആവശ്യപ്പെട്ടിരിക്കുകയാണ്. ദുരന്തനിവാരണ പ്രവർത്തനത്തിന് സൈന്യം തയ്യാറാണ്. എന്നാൽ, കേരളത്തിലുള്ള സൈനിക യൂണിറ്റുകൾക്ക് രക്ഷാപ്രവർത്തനത്തിന് മതിയായ ഡിങ്കി ബോട്ടുകളോ മറ്റ് ഉപകരണങ്ങളോ ലഭ്യമല്ല. ഇതു കണക്കിലെടുത്ത് കണ്ണൂരിലും തിരുവനന്തപുരത്തും ആലപ്പുഴയിലെ നൂറനാടുമുള്ള പ്രതിരോധസേനാ യൂണിറ്റുകൾക്ക് ആവശ്യമായ ബോട്ടുകളും മറ്റ് ഉപകരണങ്ങളും ഉടൻ ലഭ്യമാക്കണം. വായുസേനയ്ക്ക് ഒരു ഹെവി ലിഫ്റ്റ് ഹെലികോപ്ടറെങ്കിലും അനുവദിക്കണം.

ഓഖി ദുരന്തപശ്ചാത്തലത്തിൽ സംസ്ഥാനത്തെ 590 കിലോമീറ്റർ വരുന്ന കടലോരമേഖലയുടെ സംരക്ഷണത്തിന് 7340 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് പ്രധാനമന്ത്രിയോട് അഭ്യർഥിച്ചകാര്യം മുഖ്യമന്ത്രി ഓർമിപ്പിച്ചു. കഴിഞ്ഞ ഡിസംബറിൽ സമർപ്പിച്ച ഈ നിവേദനത്തിന് ഇതുവരെ ഒരുപ്രതികരണവും ഉണ്ടായിട്ടില്ല. തീരമേഖല വീണ്ടും കടുത്ത ദുരിതം നേരിടുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്ന് ഇത്തരം ദുരന്തങ്ങളും ദുരിതവും നേരിടാൻ പ്രയാസമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.